# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## FAQ


**മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.**
**സംസ്ഥാന മിഷൻ, തദ്ദേശസ്വയംഭരണവകുപ്പ്**

5-ാം നില, സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ, തിരുവനന്തപുരം-695003, കേരളം
ഫോൺ: 0471-2313385, ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnregakerala@gmail.com
വെബ്സൈറ്റ്: www.nregs.kerala.gov.in

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളങ്കുന്നത്തുകാവ് പി.ഓ
തൃശ്ശൂർ 680581, കേരളം
ഫോൺ: 0487-2207000
ഇ-മെയിൽ: info@kila.ac.in
വെബ്സൈറ്റ്: www.kila.ac.in

# FAQ

2019 മാർച്ച് മാസം 20-ാം തീയതി മുതൽ ഏപ്രിൽ മാസം 3-ാം തീയതിവരെ തൃശ്ശൂർ കിലയിലും അനുബന്ധ കേന്ദ്രങ്ങളിലും വച്ച് സംസ്ഥാനത്തെ മുഴുവൻ സാങ്കേതിക വിഭാഗം ജീവനക്കാർക്കും, ഏപ്രിൽ 29, 30 തീയതികളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, മേയ് 14, 15 തീയതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് തിരുവനന്തപുരത്ത് വച്ചും പരിശീലനങ്ങൾ നൽകുകയുണ്ടായി. പരിശീലനങ്ങളുടെ അവസാന സെഷനുകളിൽ അഭിപ്രായക്കുറിപ്പ് നൽകുന്നതിന് നിർദ്ദേശിക്കുകയും അപ്രകാരം ലഭ്യമായ സംശയങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ ചോദ്യോത്തര രൂപത്തിൽ ചുവടെ ലഭ്യമാക്കുന്നു.

1. **ഇലക്ട്രോണിക് എം ബുക്ക് സൂക്ഷിക്കുന്ന അവസരത്തിൽ മാന്വൽ എം ബുക്കും എഴുതി സൂക്ഷിക്കേണ്ടതുണ്ടോ ?**

മാന്വൽ എം ബുക്കിന് പകരം ഇലക്ട്രോണിക് എം ബുക്ക് നടപ്പിലാക്കുന്നതിനുള്ള അന്തിമ തീരുമാനം ആയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മാന്വൽ എം.ബുക്കിന് പകരം ഇലക്ട്രോണിക് എം.ബുക്ക് ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

2. **ഇലക്ട്രോണിക് എം ബുക്കിന്റെ പ്രിന്റിനെ ബില്ലിനു പകരമായി ഉപയോഗിക്കുവാൻ സാധിക്കുമോ ?**

ഇലക്ട്രോണിക് എം ബുക്കിന്റെ പ്രിന്റിനെ ബില്ലിനു പകരമായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല.

3. **എന്താണ് ഡാറ്റ?**

ഒരു നിശ്ചിത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികളുടേയും തൊഴിലാളികളുടേയും അളവ് നിർണ്ണയിക്കുന്നതാണ് ഡാറ്റ.

4. **എന്താണ് Rate (നിരക്ക്)?**

ഡാറ്റയിൽ ആവശ്യമായി വരുന്ന തൊഴിലാളിയുടേയും സാധന സാമഗ്രികളുടേയും നിരക്ക് നിശ്ചയിക്കേണ്ടതുണ്ട്. ഇതിൽ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതന നിരക്ക് കേന്ദ്ര സർക്കാർ പ്രത്യേക ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്നതാണ്.

DSOR (Delhi Schedule of Rates)ൽ ലിസ്റ്റ് ചെയ്തിട്ടുള്ള സാധന സാമഗ്രികളുടേയും, വിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടേയും, Rent for implements ന്റേയും പ്രാദേശിക നിരക്കുകൾ 27 LMR Location അടിസ്ഥാനത്തിൽ അതത് PWD ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ LMR നിരക്കായി ഓരോ മൂന്ന് മാസത്തിൽ ഒരിക്കൽ PRICE Software-ൽ പ്രസിദ്ധീകരിക്കുന്നതാണ്. അവ PRICE Software -ൽ ലഭ്യമാകുന്ന മുറയ്ക്ക് മാറ്റം വരുത്താതെ SECURE Software-ലും ചേർക്കുന്നു.

DSOR ൽ ഉൾപ്പെടാത്ത സാധന സാമഗ്രികളുടെ നിരക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ അധ്യക്ഷനായും, എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ), പ്രിൻസിപ്പൽ കൃഷി ഓഫീസർ, സോയിൽ സർവ്വേ ജില്ലാ ഓഫീസർ, തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് എ.ഇ എന്നിവർ അംഗങ്ങളായും അടങ്ങിയ സമിതി മാർക്കറ്റ് നിരക്ക് (MR) നിശ്ചയിക്കുന്നതാണ്. ഇവയ്ക്ക് സംസ്ഥാനമിഷൻ MR Code നൽകിയശേഷം സെക്യൂറിൽ ഉൾപ്പെടുത്തുന്നതാണ്.

5. **എന്താണ് Observed Data (OD)?**

നിലവിൽ Observed Data എന്ന Chapter സെക്യൂറിൽ ഇല്ല. പകരമായി NREGA Kerala data 80th Chapter-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സെക്യൂറിൽ ലഭ്യമല്ലാത്ത ഡാറ്റ ഒരു ഗ്രാമപഞ്ചായത്തിന് ആവശ്യമായി വരുന്നപക്ഷം അത് തയ്യാറാക്കി പഞ്ചായത്ത്തല സാങ്കേതിക സമിതിയുടെ അംഗീകാരം വാങ്ങിയശേഷം ബ്ലോക്ക് A.Ex.E-യ്ക്ക് സമർപ്പിക്കേണ്ടതും തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തിന് ശേഷം സംസ്ഥാന മിഷന് നൽകേണ്ടതും സെക്യൂറിൽ 80th Chapter-ൽ ലഭ്യമാവുന്നതുമാണ്.

6. **എന്താണ് Template?**

സാങ്കേതിക അനുമതി നേടിയ മാതൃകാ എസ്റ്റിമേറ്റുകൾ Template ആയി സെക്യൂറിൽ create ചെയ്യാവുന്നതാണ്. ഇങ്ങനെ create ചെയ്ത Template കൾ എല്ലാ ഗ്രാമപഞ്ചായത്തുകളുടേയും എ.ഇ. ലോഗിനിൽ ലഭ്യമാവുകയും ആയതിൽ തദ്ദേശീയമായി എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ ആയത് വരുത്തി എസ്റ്റിമേറ്റായി ഉപയോഗിക്കാവുന്നതുമാണ്.

7. **ടെംപ്ലേറ്റുകൾ എങ്ങനെ കൂട്ടിച്ചേർക്കാൻ സാധിക്കും?**

സാങ്കേതിക അനുമതി ലഭ്യമായ മാതൃകാപരമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർമാർ ബ്ലോക്ക് പഞ്ചായത്ത് എ.ഇ.മാർക്ക് നൽകുകയും തുടർന്ന് സംസ്ഥാന മിഷനിൽ സമർപ്പിക്കുന്ന മുറയ്ക്ക് ടെംപ്ലേറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

8. **പഞ്ചായത്ത് എ.ഇ ലോഗിനിൽ ടെംപ്ലേറ്റ് ക്രിയേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുമോ?**

ഇല്ല.

9. **ചുവടെ പറഞ്ഞിരിക്കുന്ന സാധനങ്ങളുടെ ഡാറ്റ/റേറ്റുകൾ സെക്യൂറിൽ ലഭ്യമാക്കുമോ?**

a) ഗ്യാബിയോൺ നെറ്റ്,
b) ടാർപോളിൻ,
c) നഴ്സറി,
d) ജിയോടെക്സ്ററയിൽസ്,
e) റൂഫിംഗിനുവേണ്ട ജി.എസ്/ജി.ഐ ഷീറ്റ്/GI Trafford sheet,
f) ക്യൂറിംഗ് ഓഫ് ബ്രിക്സ് (curing of bricks)
g) ലാറ്ററൈറ്റ് സ്റ്റോൺ (laterite stone)

h) മഴവെള്ള സംഭരണത്തിനുള്ള ഡാറ്റ
i) ചെളി കുത്തൽ
j) ഇൻർ ലോക്ക് (Inter lock)
k) ബിറ്റുമിൻ ടോപ് (Bitumen top)
l) ഫ്ളഷ് ടാങ്ക് (Flush tank)
m) പോട്ടിംഗ് മിക്സചർ ചെലവ് (Cost of potting mixture)
n) പ്ലേഗ്രൗണ്ട് ഗ്രാസ് (Play ground grass)

**വിശദീകരണം ശ്രദ്ധിക്കുക**

a) ഗ്യാബിയോൺ നെറ്റ് – നിലവിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലയിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ചേർക്കുന്നതാണ്.
b) ടാർപോളിൻ – നിലവിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലയിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ചേർക്കുന്നതാണ്.
c) നഴ്സറി –സെക്യൂർ സോഫ്റ്റ്വെയർ Chapter80.8-ൽ ലഭ്യമാണ്.
d) ജിയോടെക്സ്ററയിൽസ് – നിലവിൽ ലഭ്യമാണ്.
e) റൂഫിംഗിനുവേണ്ട ജി.എസ്/ജി.ഐ ഷീറ്റ്/GI Trafford sheet - 0.35mm Trafford sheet ന്റെ റേറ്റ്ഉൾപ്പെടുത്തിയിട്ടുണ്ട്.
f) curing of bricks - എസ്റ്റിമേറ്റിന്റെ ഭാഗമായി നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
g) laterite stone നിലവിൽ ലഭ്യമാണ്.
h) മഴവെള്ള സംഭരണത്തിനുള്ള ഡാറ്റ – ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
i) ചെളി കുത്തൽ – Embankment പ്രവൃത്തികളുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.
j) Inter lock –സെക്യൂർ 80.8.34 Specification പരിശോധിക്കുക
k) Bitumen top - നിലവിൽ ഉൾപ്പെട്ടിട്ടില്ല.
l) Flush tank-ലഭ്യമാണ്.
m) Cost of potting mixture - നിലവിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലയിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ചേർക്കുന്നതാണ്.
n) Play ground grass - നിലവിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലയിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ചേർക്കുന്നതാണ്.

---

**10. സാധാരണയായി നമ്മുടെ നാട്ടിൽ കണ്ടുവരുന്ന മുള, ഈറ തുടങ്ങിയ വസ്തുക്കൾക്ക് പ്രാധാന്യം നൽകി ഡാറ്റ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?**

മുളയുടെ ഡാറ്റ നിലവിൽ ലഭ്യമാണ്. ആവശ്യമായ ഇനങ്ങളുടെ ഡാറ്റ ജില്ലാതലത്തിൽ അംഗീകാരം വാങ്ങി സമർപ്പിക്കുന്ന മുറയ്ക്ക് സെക്യൂറിൽ ചേർക്കുന്നതാണ്.

**11. ട്രീപ്ലാന്റേഷന് സ്റ്റീൽ പ്രൊട്ടക്ഷൻ ഗാർഡ് ഉപയോഗിക്കാൻ കഴിയുമോ?**

വൃക്ഷത്തൈകളുടെ സംരക്ഷണത്തിന് പ്രാദേശികമായി ലഭ്യമാകുന്ന മുള, ഈറ, ശീമക്കൊന്ന തുടങ്ങിയ സാധനങ്ങൾകൊണ്ട് വേലി നിർമ്മിക്കുന്നതാണ് അഭികാമ്യം.

**12. ഓരോ പ്രവൃത്തികളുടേയും പ്രത്യേകമായ ടെംപ്ലേറ്റ് ലഭ്യമാക്കുമോ?**

പ്രത്യേകമായ ടെപ്ലേറ്റുകൾ ലഭ്യമാക്കുന്നതാണ്.

**13. വിദൂര പ്രദേശങ്ങളിൽ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിന് വിതരണക്കാർ മടി കാണിക്കുന്നു. എന്ത് ചെയ്യാൻ സാധിക്കും.**

വിതരണക്കാരുമായുള്ള കരാറുകളിൽ ''പഞ്ചായത്തിന്റെ ഏത് പ്രദേശത്തും സാധന സാമഗ്രികൾ വിതരണം ചെയ്യണം" എന്ന വ്യവസ്ഥ നിലവിലുണ്ട്. കൂടാതെ 50 മീറ്ററിൽ അധികമാണെങ്കിൽ മാത്രം extra lead-ന് data ലഭ്യമാണ്.

**14. കരാറുകാർ ഈ പദ്ധതിയിലുണ്ടോ ?**

കരാറുകാർ ഈ പദ്ധതിയുടെ ഭാഗമല്ല. വിതരണക്കാരിൽ നിന്നും ബിഡ്ഡുകൾ സ്വീകരിച്ച് സാധന സാമഗ്രികൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയിൽ ചെയ്തുവരുന്നത്.

**15. കട്ട നിർമ്മാണ യൂണിറ്റ് (Brick Manufacturing Unit)-ൽ അർദ്ധ-വിദഗ്ദ്ധ തൊഴിലാളികളുടെ നിരക്ക് ലഭ്യമായി കാണുന്നില്ല.**

കട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് സെക്യൂർ Chapter80-ൽരണ്ട് ഡാറ്റ ലഭ്യമാണ്. മെഷീൻ ഉപയോഗിച്ചുള്ള കട്ട നിർമ്മാണത്തിനായി 80.18.1-ലും മെഷീൻ ഉപയോഗിക്കാതെ കൈ കൊണ്ട് കട്ടകൾ നിർമ്മിക്കുന്നതിനായി 80.18-ലുമാണ് ലഭ്യമാക്കിയിട്ടുള്ളത്. മെഷീൻ ഉപയോഗിച്ച് കട്ട നിർമ്മാണം നടത്തുന്നതിനുള്ള 80.18.1 ഡാറ്റയിൽ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ നിരക്ക് ലഭ്യമാണ്. 80.18-ൽ ആയത് ലഭ്യമല്ല.

**16. 50000 രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾക്ക് ജിയോടാഗിംഗ് ആവശ്യമാണോ?**

ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പ്രവൃത്തി ആരംഭത്തിന് മുമ്പും, പ്രവൃത്തി നടക്കുമ്പോഴും, പൂർത്തീകരണത്തിന് ശേഷവും ഫോട്ടോ എടുക്കേണ്ടത് നിർബന്ധമാണ്. എന്നാൽ, 50,000 രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികളിൽ പ്രവൃത്തി നടക്കുമ്പോഴുള്ള ഫോട്ടോ എടുക്കുന്നതിന് (During photo) 30% ചെലവ് പരിധി ബാധകമല്ലാത്തതും ഏത് സമയത്തും ഇത്തരം പ്രവൃത്തികളുടെ ഫോട്ടോ (During photo) എടുക്കാവുന്നതുമാണ്. 50,000 രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്കും 3 ഫോട്ടോകൾ നിർബന്ധമാണ്.

**17. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കുവാൻ സാധിക്കുമോ?**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഇതിനുള്ള നടപടികൾ മിഷനിൽ നിന്നും സ്വീകരിക്കുന്നതാണ്.

**18. ഓട് – മാങ്കളൂർ ടൈൽ എന്ന പേരിലാണ് ഡാറ്റയിൽ ഉൾപ്പെട്ടിട്ടുളളത്. ഇത്തരത്തിലാകുന്നത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.**

CPWD ഡാറ്റയാണ് നാം അവലംബിക്കുന്നത്. ആയതുകൊണ്ട് ഇത്തരത്തിൽ മാത്രമേ ഡാറ്റയിൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**19. ഡേറ്റകൾ അക്ഷരമാല ക്രമത്തിലോ, തിരഞ്ഞെടുക്കാൻ പറ്റുന്ന മറ്റ് മാർഗ്ഗങ്ങളിലോ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.**

Spec-കൾ നിലവിൽ നമ്പർ ഫോർമാറ്റിലാണ് നൽകിയിരിക്കുന്നത്. മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കാൻ സാധ്യമല്ല. 80th Chapter–ൽ ഉള്ള ഡാറ്റ ക്രമീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

**20. ജി.എസ്.ടി ബിൽ ലഭിക്കാത്ത കരിങ്കല്ല്, മുള, വെട്ടുകല്ല് എങ്ങനെ വാങ്ങുവാൻ സാധിക്കും.**

ജി.എസ്.ടി ബാധകമായ ഇനങ്ങളിൽ അവ ഉൾപ്പെട്ട ബില്ലുകൾ മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതുകൊണ്ട് ജി.എസ്.ടി ബിൽ ലഭിക്കുന്ന സ്ഥലങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് ശ്രമിക്കേണ്ടതാണ്. നിലവിൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കാൻ സാധിക്കുകയില്ല.

**21. ആക്ഷൻ പ്ലാൻ നിലവിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇനി ഓരോ പ്രവൃത്തികൾക്കും ഭരണാനുമതി ആവശ്യമാണോ?**

ആവശ്യമാണ്.

**22. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ – എത്ര രൂപയുടെ എസ്റ്റിമേറ്റ്/മെഷർമെന്റ് എടുക്കാൻ കഴിയും.**

ഓവർസിയറിന് 5 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കും. അക്രഡിറ്റഡ് എഞ്ചിനീയർക്ക് പരിധിയില്ല.

ഓവർസിയറിന് 5 ലക്ഷം രൂപ വരെയും, അക്രഡിറ്റഡ് എഞ്ചിനീയർക്ക് പരിധി ഇല്ലാതെയും മെഷർ ചെയ്യാൻ സാധിക്കും.

ഓവർസിയറിന് ചെക്ക് മെഷർ ചെയ്യാൻ സാധിക്കുകയില്ല. അക്രഡിറ്റഡ് എഞ്ചിനീയർക്ക് 5 ലക്ഷം വരെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 20 ലക്ഷം രൂപ വരെയും ചെക്ക് മെഷർ ചെയ്യാൻ സാധിക്കും.

**23. അഞ്ച്ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മാത്രമേ ഓവർ സിയർമാർക്ക് എടുക്കുന്നതിന് സാധിക്കുകയുളളൂ. എ.ഇ. ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ബ്ലോക്ക് എ.ഇ.മാർക്ക് അധികാരം നൽകുന്നത് ഉചിത മായിരിക്കും.**

ബ്ലോക്ക് തലത്തിൽ തന്നെ ഇത് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

**24. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് സൗകര്യം ലഭ്യമാണോ?**

നിലവിൽ ഈ സൗകര്യം SECURE Software-ൽ ലഭ്യമല്ല. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**25. സിമന്റ് കട്ട അനുപാതം മുൻപ് 1:3:6 ആയിരുന്നു. ഇപ്പോൾ 1:5:10 ആണ്. ബലത്തെ ബാധിക്കുമോ?**

IS 2185 (PART I)-2005 പ്രകാരം Solid Concrete Block ന് minimum 4 N/MM2 ഉം Average compressive strength 5N/MM2 ഉം ആണ്. ഈ ബലത്തിന് 1:5:10 മിക്സ് മതിയാകും (Please refer IS 2185 Part I 5 for hollow and solid concrete blocks).

**26. എ.പി.എൽ.കാരുടെ ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കു മോ?**

തൊഴിലുറപ്പ് നിയമം ഒന്നാം പട്ടികയുടെ 5-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുൻഗണനാ വിഭാഗങ്ങളുടെ ഭൂമിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തശേഷം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ പ്രവർത്തനങ്ങളും എറ്റെടുക്കാവുന്നതാണ്. ഇപ്രകാരം പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഭൂവുടമസ്ഥന് 5 ഏക്കറിൽത്താഴെ മാത്രം ഭൂമി ഉണ്ടായിരിക്കുകയും കൂടാതെ കൃഷി-അനുബന്ധ മേഖലകളിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബം ആയിരിക്കുകയും വേണം. ജലസംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കുന്നതെങ്കിൽ നീർത്തടത്തിന്റെ ഉയർന്ന ഭാഗങ്ങളിലുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മേൽപ്പറഞ്ഞ മുൻഗണന പ്രകാരമല്ലാതെ ഏറ്റെടുക്കാം.

**27. ജി.എസ്.റ്റി. ബില്ലിൽ Conveyance charges ഇല്ല. എങ്ങനെ ഉൾപ്പെടുത്താം?**

നിലവിൽ സാധന സാമഗ്രികളുടെ എൽ.എം.ആർ നിരക്ക് നിശ്ചയിച്ചിരിക്കുന്നത് Conveyance, loading, unloading, octroi, royalty മുതലായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയാണ്.

**28. ജി.എസ്.റ്റി. ബില്ല് ഇല്ലെങ്കിൽ പകരം സംവിധാനം**

ജി.എസ്.റ്റി. ബില്ല് നിർബന്ധമാണ്.

**29. ജി.എസ്.റ്റി. ബില്ലുകളും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുവരുന്ന സാധനങ്ങളുടെ എൽ.എം.ആർ. നിരക്കുകളും തമ്മിൽ വ്യത്യാസം ഉള്ളപ്പോൾ ഇവ ക്രമീകരിക്കുന്നത് എപ്രകാരം?**

തുക അനുവദിക്കുമ്പോൾ എൽ.എം.ആർ നിരക്കോ അല്ലെങ്കിൽ വാങ്ങുന്ന കുറഞ്ഞ നിരക്കോ ഏതാണോ കുറവ് അതിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**30. റ്റി.ഡി.എസ് 2% നിരക്കിൽ പിടിക്കേണ്ട സാഹചര്യങ്ങളിൽ എം.ഐ.എസ്.ൽ അതിനുള്ള സംവിധാനം ഇല്ല.**

എം.ഐ.എസ്.ൽ ഇതിനുള്ള സൗകര്യം ഉൾക്കൊള്ളിക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

**31. ഫാം പോണ്ടിന്റെ മെറ്റീരിയൽ കംപോണന്റ് ഗുണഭോക്താവ് നേരിട്ട് വാങ്ങുന്നതിന് തടസ്സമുണ്ടോ?**

തടസ്സമില്ല

**32. കുളം നിർമ്മാണത്തിന് അർദ്ധ വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കാൻ കഴിയുന്നില്ല.**

CPWD data പ്രകാരം കുളം നിർമ്മാണത്തിന് Earth work excavation data അവിദഗ്ദ്ധ തൊഴിലാളികളെ മാത്രം ഉപയോഗിച്ച് ഉള്ളതാണ്.

**33. വെണ്ടർമാർ സാധനം സപ്ലൈ ചെയ്യുമ്പോൾ ബില്ലുകൾ സൂക്ഷിക്കേണ്ടതുണ്ടോ?**

കൃത്യമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**34. ആവശ്യമില്ലാത്ത പ്രവൃത്തികൾ Delete ചെയ്യാൻ സാധിക്കുമോ?**

MIS- ൽ zero expenditure ആണെങ്കിൽ Delete ചെയ്യാൻ സാധിക്കുന്നതാണ്.

**35. ലൈഫ് വീടുകളുടെ ജിയോ ടാഗിംങ് വി.ഇ.ഒ.മാരെ ഏൽപ്പിക്കാൻ കഴിയുമോ?**

ഇല്ല.

**36. ജിയോ ടാഗിംങ്ങിന് വിദഗ്ദ്ധരായ മേറ്റുമാരെ ഉപയോഗിക്കാൻ സാധിക്കുമോ?**

ഇപ്പോഴത്തെ സാഹചര്യത്തിൽ സാധിക്കുകയില്ല.

**37. കുടുംബശ്രീയെ വെണ്ടർ ആക്കാൻ കഴിയുമോ?**

നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റിന് സാധനം സപ്ലൈ ചെയ്യുന്നതിന് കുടുംബശ്രീ സി.ഡി.എസ്.നെ വെണ്ടർ ആക്കാവുന്നതാണ്.

**38. First-aid box-ന്റെ ചെലവ് എവിടെ നിന്ന് വഹിക്കണം?**

Admin fund-ൽ നിന്നും ചെലവഴിക്കാവുന്നതാണ്.

**39. ഓവർസിയർമാർക്ക് ലോഗിൻ ഉണ്ടോ?**

ഒരു ഗ്രാമപഞ്ചായത്തിന് നിലവിൽ രണ്ട് ലോഗിൻ ലഭ്യമാണ്. ഒന്ന് സെക്രട്ടറിക്കും കൂടാതെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർക്കുമാണ്.

**40. മൂന്ന് മാസത്തിൽ ഒരിക്കൽ മാത്രമേ LMR updationസാധിക്കുകയുള്ളൂ. കൂടാതെ ഒരു സാധനം കൂട്ടിച്ചേർക്കുന്നതിനും ഇങ്ങനെ മാത്രമേ സാധിക്കുകയുള്ളൂ. എന്ത് ചെയ്യണം?**

നിലവിൽ ഇപ്രകാരം മാത്രമേ സാധിക്കുകയുള്ളൂ.

**41. Building Material Unit- ൽ നിർമ്മിക്കുന്ന കട്ടകൾ വ്യക്തിഗത കംപോസ്റ്റ് പിറ്റുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുമോ?**

ആനുവൽ മാസ്റ്റർ സർക്കുലർ 2019-20 പ്രകാരം ഇത്തരത്തിൽ നിർമ്മിക്കുന്ന കട്ടകൾ വ്യക്തിഗത കംപോസ്റ്റ് പിറ്റുകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ കട്ടകൾ ഉപയോഗിക്കുമ്പോൾ ആയതിന്റെ ചെലവ് ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

**42. അവിദഗ്ദ്ധ തൊഴിലാളികൾക്ക് എഫ്.റ്റി.ഒ ജനറേറ്റ് ചെയ്യുന്നതുപോലെ മെറ്റീരിയൽ എഫ്.റ്റി.ഒ.യ്ക്കും സംവിധാനം വേണം.**

അവിദഗ്ദ്ധ വേതനം കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുകയാണ്. മെറ്റീരിയൽ എഫ്.റ്റി.ഒ.യുടെ ഫണ്ട് സംസ്ഥാന മിഷനിൽ എത്തുന്ന വേളയിൽ സ്ലോട്ട് ഓപ്പൺ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. തുടർന്ന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് എഫ്.റ്റി.ഒ.കൾ അയയ്ക്കുന്ന സമയത്ത് കൃത്യമായ മുൻഗണനാക്രമം അതത് ഗ്രാമപഞ്ചായത്തുകൾ പാലിക്കേണ്ടതാണ്. അവിദഗ്ദ്ധ തൊഴിലാളികൾക്ക് എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്യുന്നതുപോലെ മെറ്റീരിയൽ എഫ്.റ്റി.ഒ.ക്ക് സംവിധാനമില്ല.

**43. മലയോര പ്രദേശങ്ങളിൽ 'ഇടക്കയ്യാല' നിർമ്മിക്കുന്നത് ചെറിയ കല്ല് ഉപയോഗിച്ചാണ്. എന്നാൽ നിലവിലെ എസ്റ്റിമേറ്റിൽ വിദഗ്ദ്ധ തൊഴിലാളികളുടെ പങ്ക് ഉൾക്കൊള്ളുന്നില്ല. ആയതിനാൽ അതുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്?**

പ്രസ്തുത സൗകര്യം നിലവിൽ ലഭ്യമാണ് (80.8.8 നമ്പർ ഡാറ്റ പരിശോധിക്കുക).

**44. Settlement areaകൾക്ക് വേണ്ടി പ്രത്യേക head load charge ഉൾക്കൊള്ളിക്കുവാൻ കഴിയുമോ?**

50 മീറ്റർ പരിധി കഴിഞ്ഞാൽ അധിക head load charge ഉൾക്കൊള്ളിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഇതിലേക്കായി അവിദഗ്ദ്ധ തൊഴിലാളികളുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

**45. Retaining wall/side protection, concrete ഉപയോഗിച്ച് ചെയ്യാമോ? അപ്രകാരം സാധിക്കും എങ്കിൽ പാര 5 അല്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകാൻ സാധിക്കുമോ?**

സ്വകാര്യ ഭൂമിയിൽ Retaining wall നിർമ്മാണം അനുവദനീയമായ പ്രവൃത്തിയല്ല.

**46. പ്രളയാനന്തരം തോടുകളിലെല്ലാം ചെളി നിറഞ്ഞിട്ടുണ്ട്. അത് തൊഴിലുറപ്പ് പദ്ധതി പ്രകാരംനീക്കം ചെയ്യാൻ സാധിക്കുമോ?**

തോടു സംരക്ഷിക്കുന്നതിനായി സമഗ്ര പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ അതിനോടൊപ്പം ചെളി നിർമ്മാർജ്ജനം ചെയ്യുന്ന പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. അല്ലാതെ പ്രത്യേക പ്രവൃത്തിയായി ചെളി നിർമ്മാർജ്ജനം ഏറ്റെടുക്കാൻ സാധിക്കുകയില്ല.

**47. തൊഴുത്ത് നിർമ്മാണം, മഴവെള്ള സംഭരണി നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുന്ന ഗുണഭോക്താക്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണമെന്ന് നിർബന്ധമുണ്ടോ?**

സാമൂഹിക സാമ്പത്തിക സെൻസസ് 2011 പ്രകാരമുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി, തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5ൽ പ്രതിപാദിക്കുന്ന വിഭാഗങ്ങൾക്കും തുടർന്ന് ചെറുകിട നാമമാത്ര കർഷകർക്കും സഹായം നൽകാവുന്നതാണ്. എസ്.ഇ.സി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മേല്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്. ചെറുകിട നാമമാത്ര കർഷകരുടെ കാര്യത്തിൽ അവർ കൃഷി അനുബന്ധ മേഖലകളെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**48. വീടുകളുടെ സംരക്ഷണഭിത്തി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച് നൽകാൻ സാധിക്കുമോ?**

സാധിക്കുകയില്ല.

**49. വി.സി.ബി.ക്ക് (Vented Cross Bar) മെക്കാനിക്കൽ ഷട്ടർ ഉണ്ടാക്കാൻ സാധിക്കുമോ?**

സാധിക്കും.

**50. കേടുവന്ന ടോയ്‌ലറ്റുകൾ പുതുക്കി പണിയുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ സാധ്യമല്ല എന്ന് അറിയാൻ കഴിഞ്ഞു. ശരിയാണോ?**

ശരിയാണ്.

**51. നെൽകൃഷിയുമായി ബന്ധപ്പെട്ട നിലം ഒരുക്കൽ, ഞാറ് നടീൽ, കളപറിക്കൽ, കൊയ്ത്ത് എന്നീ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാധിക്കുമോ?**

ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധ്യമല്ല.

**52. അങ്കണവാടി കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കാമോ?**

അങ്കണവാടി കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കാൻ സാധ്യമല്ല. എന്നാൽ പുതുതായി അങ്കണവാടി നിർമ്മിക്കുന്ന വേളയിൽ ചുറ്റുമതിൽ അത്യാവശ്യ ഘടകമാകുന്നപക്ഷം ഈ പ്രവൃത്തിയും ഏറ്റെടുക്കാവുന്നതാണ്.

**53. ഡ്രെയിനേജുകളിൽ പുതിയ സ്ലാബ് ഇടാൻ സാധിക്കുമോ?**

ഡ്രെയിനേജ് നിർമ്മാണത്തോടൊപ്പം സ്ലാബ് ഇടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. നിലവിൽ നിർമ്മിച്ചിട്ടുള്ള ഡ്രെയിനേജുകളിൽ സ്ലാബ് ഇടുന്നതിനുള്ള പ്രവൃത്തി മാത്രമായി ഏറ്റെടുക്കാൻ സാധ്യമല്ല.

**54. സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ, കയർ ഭൂവസ്ത്രം വാങ്ങുന്നതുപോലെ, ഏതെങ്കിലും ഏജൻസി മുഖേന ജില്ലാതലത്തിലോ, ബ്ലോക്ക്തലത്തിലോ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് സാധിക്കുമോ?**

നിലവിൽ സാധ്യമല്ല.

**55. ജീവിതശൈലീ രോഗങ്ങൾ ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഹെൽത്ത് ക്ലബ്ബുകൾ നിർമ്മിച്ച് നൽകുവാൻ സാധിക്കുമോ?**

അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**56. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ മെഷിനറികൾ ഉപയോഗിക്കാൻ സാധിക്കുമോ. കുളം നവീകരണം പോലുള്ള പ്രവൃത്തികൾക്ക് മെഷിനറികൾ ആവശ്യമായി വരുന്നുണ്ട്. എന്ത് ചെയ്യാൻ സാധിക്കും?**

ആന്വൽ മാസ്റ്റർ സർക്കുലർ പ്രകാരം എസ്റ്റിമേറ്റിന്റെ ഭാഗമായി അടിയന്തിര ഘട്ടങ്ങളിൽ മോട്ടോർ ഉൾപ്പെടെയുള്ള അനുവദനീയ മെഷിനറികൾ ഉപയോഗിക്കാവുന്നതാണ്. ഇതിന് ഗ്രാമസഭയുടെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.

**57. കോൺക്രീറ്റ് കട്ടകൾ നിർമ്മിക്കാൻ, വെള്ളം ഉള്ള സ്ഥലം സ്വകാര്യ വ്യക്തി നൽകുകയാണെങ്കിൽ പാട്ടകരാർ വ്യവസ്ഥയിൽ ടി സ്ഥലത്ത് നിർമ്മാണ സാമഗ്രി യൂണിറ്റുകൾ ആരംഭിക്കാൻ സാധിക്കുമോ?**

സാധ്യമല്ല.

**58. എയ്ഡഡ് സ്കൂളിൽ പാചകപ്പുര അനുവദിക്കാൻ പറ്റുമോ?**

നിലവിൽ സർക്കാർ സ്ക്കൂളുകളിൽ മാത്രമേ പാചകപ്പുര നിർമ്മിക്കുന്നതിന് അനുമതിയുള്ളൂ.

**59. ലക്ഷംവീട് കോളനിക്ക് ചുറ്റുമതിൽ നിർമ്മിക്കാമോ?**

അനുവദനീയമല്ല.

**60. തൊഴിൽ കാർഡ് എടുത്തിട്ട് പണി ചെയ്യാത്ത കുടുംബങ്ങളുടെ തൊഴിൽ കാർഡ് റദ്ദ് ചെയ്യാൻ സാധിക്കുമോ?**

സാധിക്കുകയില്ല. എന്നാൽ ഒരു തൊഴിൽ കാർഡ് ഇരട്ടിച്ച് വരികയോ, അല്ലെങ്കിൽ ഒരു കുടുംബം സ്ഥിരമായി പഞ്ചായത്തിന് പുറത്തുള്ള ഒരു പ്രദേശത്തേക്ക് താമസം മാറുകയോ ചെയ്യുന്നപക്ഷം തൊഴിൽ കാർഡ് റദ്ദ് ചെയ്യാവുന്നതാണ്.

**61. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിന് ചുറ്റു മതിൽ നിർമ്മിക്കാൻ സാധിക്കുമോ?**

സാധിക്കുകയില്ല

**62. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഗുണഭോക്താക്കൾക്ക് കിണർ നിർമ്മിച്ചു നൽകാൻ സാധിക്കുമോ?**

ജലസേചനാവശ്യത്തിനായി കിണർ നിർമ്മിക്കുവാൻ സാധിക്കും. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5-ൽ പറയും പ്രകാരമുള്ള മുൻഗണനാ വിഭാഗത്തിന് പ്രാധാന്യം നൽകി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

**63. കളിസ്ഥലം, ഗ്രാമീണ ചന്ത, പൊതു ടോയ്‌ലറ്റ് എന്നിവ എനിമി പ്രോപ്പർട്ടിയിൽ (100 വർഷമായി ഉടമസ്ഥരില്ലാത്ത ഭൂമി) നിർമ്മിക്കാമോ?**

റവന്യൂ അധികാരികളുടെ അനുമതിയോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണ്.

**64. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ സാധിക്കുമോ?**

സാധിക്കുകയില്ല. ചുറ്റുമതിൽ, പാചകപ്പുര, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കാവുന്നതാണ്.

**65. റോഡ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ 3 മീറ്ററിൽ കൂടുതൽ വീതിയിൽ റോഡ് നിർമ്മിക്കാൻ സാധിക്കുമോ?**

സാധിക്കുന്നതാണ്.

**66. കിണറിന് സംരക്ഷണഭിത്തി നിർമ്മിക്കാൻ സാധിക്കുമോ?**

കിണർ നിർമ്മാണത്തോടൊപ്പം സംരക്ഷണഭിത്തിയും ഏറ്റെടുക്കാവുന്നതാണ്.

**67. കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുളള നിർമ്മാണ സാമഗ്രി യൂണിറ്റുകളിൽ നിർമ്മിക്കുന്ന കട്ട നൽകുവാൻ സാധിക്കുമോ?**

കട്ടകൾ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് നൽകുന്നപക്ഷം പൂർണ്ണമായ ഉത്പാദനച്ചെലവ് അവരിൽ നിന്ന് ഈടാക്കേണ്ടതാണ് കേന്ദ്ര-സംസ്ഥാന സർക്കാരിന്റെകീഴിൽ വരുന്ന ഭവനപദ്ധതികൾക്ക് 90 തൊഴിൽ ദിനങ്ങളുടെ ആനുകൂല്യം നൽകാവുന്നതാണ്.

**68. വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ?**

ഉണ്ട്. കേരളം സർക്കാർ 30.07.2019 ൽ പുറപ്പെടുവിച്ചിട്ടുള്ള 1635/2019 ആം നമ്പർ ത.സ്വ.ഭ.വ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

പട്ടികവർഗ ഗുണഭോക്താക്കൾ 6 ലക്ഷം

പട്ടികജാതി ഗുണഭോക്താക്കൾ 5 ലക്ഷം

മറ്റു വിഭാഗം ഗുണഭോക്താക്കൾ 4 ലക്ഷം.

**69. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി സഹകരണ സംഘത്തിന് വർക്ക് ഷെഡ് നിർമ്മിച്ച് നൽകാമോ?**

സാധിക്കുകയില്ല. എന്നാൽ സ്വയംസഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമമിച്ച് നൽകാൻ സാധിക്കുന്നതാണ്.

**70. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ജൈവവള ഉല്പാദന യൂണിറ്റിൽ എത്തിക്കുന്ന മാലിന്യങ്ങളെ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധിക്കുമോ?**

സാധിക്കുകയില്ല

**71. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി waiting shed നിർമ്മിക്കാൻ കഴിയുമോ?**

കഴിയുകയില്ല

**72. വീടിന്റെ അകത്ത് ടോയ്‌ലറ്റ് ഉണ്ട്. പുറമെ ഒരു ടോയ്‌ലറ്റ് അനുവദിക്കാൻ കഴിയുമോ?**

സാധിക്കുകയില്ല

**73. തൊഴുത്ത് നിർമ്മാണം ഉൾപ്പെടെയുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്ന പ്രവൃത്തികൾ അനുവദിക്കുമ്പോൾ വ്യക്തികളുടെ വരുമാന പരിധി എത്ര?**

തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടിക 5-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകണം. എസ്.ഇ.സി.സി. സർവ്വേയിലെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കണം. എസ്.ഇ.സി.സി. ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഉൾക്കൊള്ളിക്കുവാൻ കഴിയൂ. ചെറുകിട നാമമാത്ര കർഷകരുടെ വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് സഹായം നൽകുമ്പോൾ അവർ യഥാർത്ഥ കർഷകരാണെന്നും കൃഷി അനുബന്ധ മേഖലയിലെ വരുമാനം കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആണെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**74. ഒരു ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ 16 വാർഡുകൾ തോട്ടം മേഖലയിൽ ആയതിനാൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കില്ല. ഇതിന് എന്ത് ചെയ്യുന്നതിന് സാധിക്കും?**

മെറ്റീരിയൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുന്ന വാർഡുകളിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുക. എല്ലാ വാർഡുകളിലും എല്ലാ വിധ മെറ്റീരിയൽ പ്രവർത്തനങ്ങളും ഏറ്റെടുക്കണമെന്ന് നിർബന്ധമില്ല.

**75. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ നിർമ്മിക്കുന്നതിന് വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യമുണ്ടോ?**

ആവശ്യമില്ല. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളിലും കാലി വളർത്തുന്നതിലും വെറ്റിനറി ഡോക്ടറുടെ ഉപദേശം സ്വീകരിക്കാവുന്നതാണ്.

◆◆◆